പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1343 — 14.06.2013 ന് മറുപടിയ്ക്ക്

മലയാള ഭാഷയുടെ വ്യാപനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.കെ.സി.ജോസഫ്<br>ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി |

| | | | |
| --- | --- | --- | --- |
| (എ) | മലയാളഭാഷയുടെ വ്യാപനത്തിനും പോഷണത്തിനും എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ; | (എ) | മലയാളം ശ്രേഷ്ഠ ഭാഷയായതിനെ തുടർന്ന് ഭാഷയുടെ പോഷണത്തിനായി താഴെപ്പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:<br><br>(1) ശ്രേഷ്ഠ ഗ്രന്ഥപരമ്പര: ശ്രേഷ്ഠ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനും അത് ഡിജിറ്റലൈസ് ചെയ്യാനുമുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 100 ഗ്രന്ഥങ്ങളാണ് ഈ സ്കീമിൽ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്നത്.<br><br>(2)എന്റെ കേരളം:പൈതൃക ഗ്രന്ഥപരമ്പര: വാസ്തു വിദ്യ,ഗണിതം തുടങ്ങിയ വിഷയങ്ങളിൽ കേരളത്തിന്റെ വൈജ്ഞാനിക സമ്പത്ത് പ്രതിപാദിക്കുന്ന 30 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>(3)മലയാളത്തനിമ: മലയാള ഭാഷയെ ശാസ്ത്ര സാങ്കേതിക വിദ്യയ്ക്ക് സജ്ജമാക്കുവാൻ 'മലയാളത്തനിമ'യിൽ താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കും:<br>(1)മലയാള അലങ്കാര ഫോണ്ടുകൾ ആവിഷ്കരിക്കും.<br>(2)സ്പെൽചെക്ക്,ഗ്രാമർചെക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തും.<br>(3)വിവർത്തന മിഷൻ ആവിഷ്കരിക്കും,ഭരണഭാഷ മലയാളമാക്കുന്നതിന് സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകാൻ മലയാളം കംപ്യൂട്ടിങ് സെന്റർ ആരംഭിക്കുന്നതാണ്.മലയാളികൾ അല്ലാത്ത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥൻമാരെ മലയാളം പഠിപ്പിക്കുന്ന ദൗത്യം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുണ്ട്.ഇതിനായി ആധുനിക സങ്കേതത്തോടെ നൂതന സി.ഡി. |

| | | | |
|---|---|---|---|
| | | | തയ്യാറാക്കും.<br>ലോകമെമ്പാടുമുള്ള മലയാളികുട്ടികൾക്ക് മലയാളഭാഷ പഠിക്കുന്നതിനും കേരള സംസ്കാരംപരിചയിക്കുന്നതിനുമായി മലയാളം മിഷൻ രൂപീകരിച്ചിട്ടുണ്ട്.പ്രവാസികുട്ടികളെ മലയാളഭാഷ പഠിപ്പിക്കുന്നതിനാവശ്യമായ പാഠപുസ്തകങ്ങളും കൈപുസ്തകങ്ങളും തയ്യാർ ചെയ്യുകയും ഓരോ കോഴ്സും പൂർത്തിയായവർക്ക് പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റുകളും മിഷൻ വിതരണം ചെയ്യുന്നുണ്ട്.വിദേശമലയാളി കുട്ടികളെ മലയാളഭാഷ പഠിപ്പിക്കുന്നതിനായി വീഡിയോ കോൺഫറൻസിംഗ് പോലുള്ള നൂതന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുവാൻ മലയാളം മിഷൻ ലക്ഷ്യമിട്ടിട്ടുണ്ട്.പഠനകേന്ദ്രങ്ങളിലെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഭാഷാ അദ്ധ്യാപകരുടെ ഒരു പാനൽ സൃഷ്ടിച്ച് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും മലയാളം മിഷൻ സ്വീകരിച്ചു വരുന്നു. |
| (ബി) | കോടതി വ്യവഹാരമടക്കമുള്ള ഫയൽ നടപടികൾ സമ്പൂർണ്ണമായി മലയാളത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ? | (ബി) | പരിഗണിക്കുന്നതാണ്. |

Sheela M

സെക്ഷൻ ഓഫീസർ